ഉത്തരം

(എ) വാഹനപ്പെരുപ്പവും, ആധുനിക സിഗ്നലുകളുടെ അഭാവവുംമൂലം റോഡ പകടങ്ങൾ ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അശാസ്ത്രീയമായി പണിത റോഡുകൾമൂലം അപകടമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ദേശീയപാത നിർമ്മാണം നടത്തുന്നതിനു മുൻപായി ശാസ്ത്രീയമായ പഠനം നടത്താറുണ്ട്. ഈ പഠനത്തിൽ, റോഡ് സിഗ്നലുകളും, മാർക്കിങ്ങുകളും സൈൻബോർഡുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രത്തിനു സമർപ്പിക്കാറാണുള്ളത്.

(സി) തൽക്കാലം ഉദ്ദേശമില്ല.

(ഡി) ആധുനിക സിഗ്നലുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠനങ്ങൾ നടത്തുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ സിഗ്നലുകൾ സ്ഥാപിച്ച് വരുന്നുണ്ട്. ട്രാഫിക് നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ച് വരുന്നുണ്ട്. ദേശീയപാത പോലുള്ള പ്രധാന പാതകൾ ശാസ്ത്രീയമായാണ് നിർമ്മിക്കാറുള്ളത്.

ട്രാഫിക് ബോധവൽക്കരണം

74 [3508] *ശ്രീ തോമസ് ചാഴികാടൻ*
,, *കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ട്രാഫിക് അവബോധം വരുത്തുവാൻ സ്കൂളുകളിൽ കർമ്മപരിപാടി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(സി) ട്രാഫിക് ബോധവൽക്കരണം പൊതുജനങ്ങളിൽ എത്തിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിദ്യാർത്ഥികളിൽ ട്രാഫിക് ബോധവൽക്കരണം ഉണ്ടാകുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ബന്ധപ്പെട്ട വിഷയത്തിൽ തിരഞ്ഞെടുത്ത സ്കൂളുകളിൽ മാജിക് ഷോ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) റോഡ് സുരക്ഷാ അവബോധം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വിവിധ കർമ്മപരിപാടികൾ ചെയ്തുവരുന്നുണ്ട്. എല്ലാ വർഷവും റോഡ് സുരക്ഷാ വാരം ആചരിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്താൽ വിവിധ ഭാഗങ്ങളിൽ സന്നദ്ധ സംഘടനകൾ മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

ബസ്സുകളുടെ മത്സര ഓട്ടം അവസാനിപ്പിക്കാൻ നടപടി

75 [3509] *ശ്രീ. എ. സി. മൊയ്തീൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില തിരക്കേറിയ റൂട്ടുകളിൽ, അശാസ്ത്രീയമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയത് മത്സര ഓട്ടത്തിനും, അപകടത്തിനും കാരണമായിട്ടുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അശാസ്ത്രീയമായി നൽകിയ പെർമിറ്റുകൾ ക്രമീകരിച്ച് ബസ്സുകളുടെ മത്സര ഓട്ടം അവസാനിപ്പിക്കാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) യാത്രാക്ലേശം കൂടുതലുള്ള റൂട്ടുകളിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അശാസ്ത്രീയമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മത്സര ഓട്ടംമൂലം അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)മത്സര ഓട്ടം നിയന്ത്രിക്കുന്നതിന് വാഹന പരിശോധന കൂടുതൽ കർശനമാക്കുന്നതാണ്.

(സി) പൊതുജനങ്ങളുടെയും പൊതു പ്രവർത്തകരുടെയും നിവേദനങ്ങൾ പരിശോധിച്ച് യാത്രക്കാർ കൂടുതലുള്ള പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസുകൾ നടത്തിവരികയാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി

76 [3510] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എന്തെല്ലാം ഇൻഷ്വറൻസ് പദ്ധതികളാണ് നിലവിലുള്ളതെന്ന് പറയാമോ;

(ബി) ഈ ജീവനക്കാർക്ക്, കേരളത്തിലെ സംസ്ഥാന സർക്കാ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷ ഗ്രൂപ്പ് ഇൻഷ്വറൻസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരി

LIBRARY ARCHIVES Kerala Legislative Assembly